## പതിനാലാം കേരള നിയമ സഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ: 2865. 18//06/2018 ലെ മറുപടിക്ക്

### <u>സ്കിൽ പാർക്കുകൾ</u>

<u>ചോദ്യം</u>

<u>ഉത്തരം</u>

ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. എ. എം. ആരിഫ്
ശ്രീ. ഒ. ആർ. കേളു
ശ്രീ. എം. മുകേഷ്

പ്രൊഫ. സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും നിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾ, രാജ്യത്തെ തൊഴിൽ മേഖല കാലാനുസൃതമായി ആവശ്യപ്പെടുന്ന വൈദഗ്ദ്ധ്യം നേടുന്നില്ലെന്ന പോരായ്മ പരിഹരിക്കാനായി നടത്തി വരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | അസാപ് നൈപുണ്യ പരിശീലനത്തിന്റെ ഭാഗമായി സമ്മർ സ്കിൽ സ്കൂൾ എന്ന ഹ്രസ്വകാല പരിശീലന പരിപാടി പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും നടപ്പിലാക്കി വരുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെ നൈപുണ്യ പരിശീലന സൌകര്യങ്ങളും വിദഗ്ദ്ധ അധ്യാപകരുടെ പരിശീലന ശേഷിയും ഉപയോഗപ്പെടുത്തി തയ്യാറാക്കപ്പെടുന്ന നൈപുണ്യ പരിശീലന പദ്ധതിയാണ് ഡിസൈൻ അലൈൻ ആന്റ് ട്രെയിൻ ( Design, align & Train) എന്ന ഈ മാതൃക. എഞ്ചിനീയറിംഗ് കോളേജ് വിദ്യർത്ഥികൾക്കായി അത്യാധുനിക സാങ്കേതിക വിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (A.I.), മെഷീൻ ലേണിംഗ് (M.I.) ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യ തുടങ്ങിയവ പരിശീലിപ്പിക്കുന്നതിലൂടെ ആധുനിക തൊഴിൽ മേഖലകളിൽ വൈദഗ്ദ്ധ്യ സൃഷ്ടിക്കായി പദ്ധതികൾ രൂപകല്പന ചെയ്തുവരുന്നു. |
| ബി) | വിദ്യാർത്ഥികളെ തൊഴിൽപ്രാപ്തിയുള്ളവരാക്കുകയെന്ന ലക്ഷ്യത്തോടെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി സ്കിൽ പാർക്കുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) | ഉണ്ട്, സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഉയർന്ന നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകാനായി മുന്നോട്ട് വയ്ക്കുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ (CSP). വ്യവസായങ്ങളുമായി കൈകോർത്ത് അത്യാധുനിക സജ്ജീകരണങ്ങളുമായി നിർമ്മിക്കപ്പെടുന്ന സവിശേഷ നൈപുണ്യ കേന്ദ്രങ്ങളാണിവ. ഇത്തരത്തിലുള്ള 20 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ (CSP) ആണ് സംസ്ഥാനത്തിന്റെ വിവധ ജില്ലകളിലായി നിർമ്മിക്കാനുദ്ദേശിക്കുന്നത്. ഇതിൽ ആദ്യത്തെ ഒൻപത് (9) എണ്ണത്തിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. കൊല്ലം, പത്തനംതിട്ട, എറണാകുളം, പാലക്കാട്, മലപ്പുറം, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലാണ് ആദ്യത്തെ ഒൻപതെണ്ണം സ്ഥിതി ചെയ്യുന്നത്. |

| | | | |
|---|---|---|---|
| സി) | നിലവിൽ തൊഴിൽ വൈദഗ്ദ്ധ്യ ആർജ്ജനത്തിൽ ഉണ്ടായിട്ടുള്ള അപര്യാപ്തത പരിഹരിക്കാനായി എഞ്ചിനീയറിംഗ് കോളേജുകളിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | സി) | എഞ്ചിനീയറിംഗ് കോളേജുകളിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ആശയ രൂപീകരണഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ